റേഷൻ അരി ഒരുമിച്ച് അനുവദിക്കുന്നതിന് നടപടി

896 [1652] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ–1 വില്ലേജിലുള്ള എ.ആർ.ഡി. 136 റേഷൻ കടയിലേക്ക് ഓരോ ആഴ്ചത്തേക്കുമുള്ള അരിയും മറ്റും ഒന്നിച്ച് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റേഷൻ കടയിലേക്കുള്ള സാധനങ്ങൾ മലമ്പുഴ തടാകത്തിലൂടെ കടത്തിക്കൊണ്ടുവരുന്നതുമൂലം ഉണ്ടാകുന്ന വൈഷമ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബുദ്ധിമുട്ടിക്കൽ ഒഴിവാക്കുന്നതിന് ഓരോ മാസത്തെ റേഷൻ വിതരണത്തിനുള്ള സാധനങ്ങൾ ഒന്നിച്ച് നൽകണമെന്നാവശ്യപ്പെടുന്ന നിവേദനം മലമ്പുഴ ഗിരിജൻ സർവീസ് സഹകരണ സംഘം നമ്പർ പി. 699, ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) മലമ്പുഴ ഗിരിജൻ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൻമേൽ പാലക്കാട് ജില്ലാ സപ്ലൈ ഓഫീസറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. മറുപടി ലഭിച്ചശേഷം ഉചിതമായ നടപടിയെടുക്കാവുന്നതാണ്.

ഇൻഡ്യൻ കോഫി ഹൗസിൽ ചായക്കും കോഫിക്കും വില വർദ്ധനവ്

897 [1653] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ കോഫി ഹൗസിൽ അടുത്ത കാലത്തായി ചായക്കും കോഫിക്കും മറ്റു ഭക്ഷണപദാർത്ഥങ്ങൾക്കും വിലകൂട്ടിയത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക, കറൻറ്, വെള്ളം ഇവ സൗജന്യമായി നൽകുന്നതുകൊണ്ടും ഭക്ഷണപദാർത്ഥങ്ങളുടെ വിലകൂടിയിട്ടില്ലാത്തതുകൊണ്ടും ഈ സ്ഥാപനത്തിലെ വില പൂർവസ്ഥിതിയിലാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിച്ച് വേണ്ട നടപടികളെടുക്കാൻ തിരുവനന്തപുരം ജില്ലാ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly